ഉത്തരം

(എ&ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 202 പ്രാവശ്യം ബാങ്കുകളിൽ നിന്നും ബോർഡ് ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്.

(സി) ഓവർഡ്രാഫ്റ്റ് എടുത്ത തുക മുഴുവനും മടക്കി അടച്ചു കഴിഞ്ഞു.

വൈദ്യുതി നിരക്ക്

109 (334) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എച്ച്.റ്റി., ഇ.എച്ച്.റ്റി. ഉപഭോക്താക്കളും ഗാർഹിക ഉപഭോക്താക്കളും നൽകേണ്ടിയിരുന്ന വൈദ്യുതി ചാർജിന്റെ നിരക്ക് എത്ര വീതമായിരുന്നു ;

(ബി) ഇപ്പോൾ ഈ ഓരോ ഗണത്തിലും പെടുന്നവർ നൽകേണ്ട വൈദ്യുതി ചാർജ്ജ് എത്ര വീതമാണ് ?

ഉത്തരം

(എ) വൈദ്യുതി നിരക്കിന്റെ വിശദവിവരം അനുബന്ധം -1-ൽ കൊടുത്തിട്ടുണ്ട്†.

(ബി) ഇപ്പോൾ നിലവിലുള്ള നിരക്ക് അനുബന്ധം-2-ൽ കൊടുത്തിട്ടുണ്ട്†.

റെയിൽവേയ്ക്ക് കുറഞ്ഞ നിരക്കിൽ നല്കുന്ന വൈദ്യുതി

110 (335) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റെയിൽവേ പാതകളുടെ വൈദ്യുതീകരണത്തിന് റെയിൽവേക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നല്കി വരുന്നുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്തെ ഏതൊക്കെ റെയിൽവേ പാതകളുടെ വൈദ്യുതീകരണത്തിനാണ് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) റെയിൽവേയ്ക്ക് വൈദ്യുതി നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) റെയിൽവേയ്ക്ക് നൽകിവരുന്ന വൈദ്യുതിക്ക് ഏർപ്പെടുത്തിയിട്ടുള്ള നിരക്ക് എത്ര എന്ന് വെളിപ്പെടുത്തുമോ ;

† അനുബന്ധം XIX, XIX 'എ'

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സർക്കാർ അധികാരം ഏറ്റശേഷം എത്ര ലക്ഷം യൂണിറ്റ് വൈദ്യുതി കുറഞ്ഞ നിരക്കിൽ റെയിൽവേയ്ക്ക് നൽകി എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഞ്ചിക്കോട് മുതൽ എറണാകുളം വരെയുള്ള പാത വൈദ്യുതീകരിക്കുന്നതിനാണ് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നത്.

(സി) ഉണ്ട്. 1996-ലെ ശരാശരി നിരക്കിന്റെ 80 ശതമാനം നിരക്കിലാണ് 1-4-1997 മുതൽ 31-3-1999 വരെ റെയിൽവേ വൈദ്യുതീകരണത്തിനുള്ള താരിഫ് നിശ്ചയിച്ചത്. 1-4-1999-ൽ നിലവിലിരുന്ന 110 കെ.വി. താരിഫിന്റെ 80 ശതമാനം (ഡിമാന്റ് ചാർജും എനർജി ചാർജും) നിരക്കിലാണ് 1-4-1999 മുതൽ 31-3-2002 വരെ താരിഫ് നിശ്ചയിച്ചിരിക്കുന്നത്.

(ഡി) 1-4-1997 മുതൽ 31-3-1999 വരെയുള്ള നിരക്ക് :- പ്രതിമാസ ഡിമാന്റ് ചാർജ്/കെ.ഡബ്ല്യു.എ. ബില്ലിംഗ് ഡിമാന്റ് - 60 രൂപ കൂടാതെ എനർജി ചാർജ് യൂണിറ്റൊന്നിന് - 56 പൈസ.

1-4-1999 മുതൽ 31-3-2002 വരെയുള്ള നിരക്ക് :- പ്രതിമാസ ഡിമാന്റ് ചാർജ്/ കെ.ഡബ്ല്യു.എ. ബില്ലിംഗ് ഡിമാന്റ് - 116 രൂപ കൂടാതെ എനർജി ചാർജ് യൂണിറ്റൊന്നിന് - 112 പൈസ.

(ഇ) ഉണ്ട്. 624.36 ലക്ഷം യൂണിറ്റ്.

സ്പോട്ട് ബില്ലിംഗ് സമ്പ്രദായം

111 (336) ശ്രീ. പി. രാജു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. കെ. പ്രകാശ് ബാബു :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോട്ട് ബില്ലിംഗ് സമ്പ്രദായം എന്ന് മുതലാണ് നടപ്പിലാക്കിയത് ;

(ബി) എല്ലായിടത്തും സ്പോട്ട് ബില്ലിംഗ് സമ്പ്രദായം നടപ്പിലായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എല്ലാ സ്ഥലത്തും ഈ സമ്പ്രദായം ഫലപ്രദമായി നടപ്പാക്കാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) എല്ലായിടത്തും സ്പോട്ട് ബില്ലിംഗ് നടപ്പിലാക്കുന്നതിന് ഇപ്പോൾ ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly